നിർമ്മാണത്തിലിരിക്കുന്ന വൻകിട ഇടത്തരം ജലസേചന പദ്ധതികൾ

*10 [278] *ശ്രീ. ഷിബു ബേബി ജോൺ:*

" *ടി. എം. ജേക്കബ്:*

" *ജോണി നെല്ലൂർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച വൻകിട ഇടത്തരം ജലസേചന പദ്ധതികളുടെ പൂർത്തീകരണത്തിന് മുൻഗണനാക്രമം നിശ്ചയിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ മുൻഗണനാക്രമം അനുസരിച്ചുള്ള പേര് വിവരം വെളിപ്പെടുത്തുമോ;

(സി) ഇവ എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച എത്ര പ്രോജക്ടുകൾ ഉണ്ട്;

(ഇ) നിർമ്മാണ പ്രവർത്തനം ആരംഭിച്ച പ്രോജക്ടുകൾ പൂർത്തീകരിക്കുവാൻ എന്ത് തുക ഇനി ആവശ്യമുണ്ടെന്ന് അറിയിക്കാമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):*

(എ) — (സി) എല്ലാ പദ്ധതികളും മുൻഗണനാക്രമത്തിൽ പൂർത്തീകരണത്തിനായി നിശ്ചയിച്ചിട്ടില്ല. എന്നാൽ പണി തീരാറായ പദ്ധതികൾ വേഗം പൂർത്തിയാക്കുന്നതിന് മുൻഗണന നൽകിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് മൂവാറ്റുപുഴ വാലി ഇറിഗേഷൻ പദ്ധതിയും ആർ. സി. ബി. തൃത്താല പദ്ധതിയും ഈ വർഷം പൂർത്തിയാക്കണമെന്നു ലക്ഷ്യമിട്ടിട്ടുണ്ട്. അതുപോലെ ഫണ്ടിന്റെ ലഭ്യതയ്ക്കു വിധേയമായി ഇടമലയാർ പദ്ധതിയും, കാരാപ്പുഴ പദ്ധതിയും, ബാണാസുരസാഗർ പദ്ധതിയും 2007-2008 പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച അഞ്ചു പദ്ധതികളാണുള്ളത്.

(ഇ) നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുള്ള പദ്ധതികളുടെ പൂർത്തീകരണത്തിന് ആവശ്യമെന്ന് കണക്കാക്കിയിട്ടുള്ള തുക താഴെ ചേർക്കുന്നു:.

(1)	കാരാപ്പുഴ പദ്ധതി	-	149 കോടി രൂപ
(2)	ബാണാസുരസാഗർ	-	80 കോടി രൂപ
(3)	ആർ. സി. ബി. തൃത്താല	-	14 കോടി രൂപ
(4)	മൂവാറ്റുപുഴ വാലി	-	136 കോടി രൂപ
(5)	ഇടമലയാർ	-	146 കോടി രൂപ

LIBRARY ARCHIVES Kerala Legislative Assembly